1. ഇ.ബി. XIII-കേരള നിയമസഭ/XI-9

# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

## 2014 ജൂൺ 19, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തരപ്രമേയം

### എം.ബി.ബി.എസ്. പ്രവേശനം

മി. സ്പീക്കർ: ഈ വർഷത്തെ എം.ബി.ബി.എസ്. പ്രവേശനം സംബന്ധിച്ച് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളുമായി സർക്കാർ കരാറുണ്ടാക്കാതിരിക്കുകയും സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് അസോസിയേഷന്റെ കീഴിലുള്ളതുൾപ്പെടെ 12 മാനേജ്മെന്റുകൾ എല്ലാ

സീറ്റുകളിലേയ്ക്കും വൻകോഴ വാങ്ങി വിദ്യാർത്ഥി പ്രവേശനം നടത്തിക്കൊണ്ടിരിക്കുകയും എൻട്രൻസ് കമ്മീഷണറെയും മെഡിക്കൽ കോളേജുകളെയും ഒഴിവാക്കിക്കൊണ്ട് മെറിറ്റ് സീറ്റുകളിലേക്കുള്ള ഓപ്ഷൻ സ്വീകരിച്ചു തുടങ്ങുകയും ചെയ്തിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റ്റി.വി. രാജേഷ്, വി.എസ്. സുനിൽകുമാർ, സി.കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർക്കാർ ഈ വർഷം മൂന്ന് പ്രാവശ്യം സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി ചർച്ച നടത്തുകയും ഏകദേശ ധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിലേക്കും ക്രിസ്ത്യൻ മാനേജ്മെന്റിന് കീഴിലുള്ള നാല് മെഡിക്കൽ കോളേജുകളിലേക്കുമുള്ള ആദ്യ കൗൺസിലിംഗ് ജൂൺ മാസം 25-ാം തീയതി നടത്താനാണ് നിശ്ചയിച്ചിരിക്കുന്നത്. സെപ്റ്റംബർ മാസം 30-ാം തീയതിക്കകം ചർച്ചകളിലൂടെ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതാണ്.

ശ്രീ. റ്റി. വി. രാജേഷ്: സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളി

ലേക്കുള്ള ഈ വർഷത്തെ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയ ആരംഭിച്ചിരിക്കുകയാണ്. സർക്കാർ മെഡിക്കൽ കോളേജുകൾക്കും പരിയാരം മെഡിക്കൽ കോളേജിനും പുറമേ കത്തോലിക്കാ മാനേജ്മെന്റിന് കീഴിലുള്ള നാല് കോളേജുകൾ മാത്രമാണ് അലോട്ട്മെന്റ് പ്രക്രിയയിൽ വരുന്നത്. ബാക്കി 12 സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളെയും വിജ്ഞാപനത്തിൽനിന്ന് ഒഴിവാക്കിയിരിക്കുകയാണ്. കഴിഞ്ഞ തവണ സർക്കാരുമായി ധാരണയുണ്ടാക്കിയ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ സ്വന്തം നിലയിൽ പ്രവേശനം നടത്താനുള്ള നടപടികളുമായി മുന്നോട്ടു പോകുകയാണ്. സ്വകാര്യ സ്വാശ്രയ മെഡിക്കൽകോളേജ് പ്രവേശനവുമായി ബന്ധപ്പെട്ട് അരാജകത്വമാണ് ഉണ്ടായിരിക്കുന്നത്. സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി സർക്കാർ ഉണ്ടാക്കിയിട്ടുള്ള ധാരണയുടെ ഭാഗമായി 675 മെറിറ്റ് സീറ്റുകൾ നഷ്ടമാകുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുന്നതുമൂലം ഉയർന്ന റാങ്കുകാരായ പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്. പ്രവേശനത്തിനുള്ള അവസരം നഷ്ടപ്പെടും. കഴിഞ്ഞ വർഷം സർക്കാരുമായുണ്ടാക്കിയ ധാരണയ്ക്ക് വിരുദ്ധമായി സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തിയ കരുണ, കണ്ണൂർ മെഡിക്കൽ കോളേജുകളോട് പ്രോസ്പെക്ടസ്, പ്രവേശന ഷെഡ്യൂൾ, നിയമാവലി എന്നിവ ഹാജരാക്കണമെന്നാവശ്യപ്പെട്ട് ജെയിംസ് കമ്മിറ്റി പല തവണ നോട്ടീസ് അയച്ചിട്ടും

മാനേജ്മെന്റ് യാതൊരു വിലയും കൽപ്പിച്ചിട്ടില്ല. വിദ്യാർത്ഥി സമൂഹത്തോട് ഉത്തരവാദിത്വമില്ലാത്ത സർക്കാരാണിത്. അലോട്ട്മെന്റ് പ്രക്രിയ ആരംഭിക്കുന്നതിനുമുമ്പ് മാനേജ്മെന്റുകളുമായി ചർച്ച നടത്തി ധാരണയുണ്ടാക്കാൻ സർക്കാർ ശ്രമിച്ചിട്ടില്ല. മെഡിക്കൽ മേഖലയിലെ കച്ചവട മാനേജ്മെന്റുകൾക്കൊപ്പം നിൽക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. കത്തോലിക്കാ മാനേജ്മെന്റ് കോളേജുകൾ ഈടാക്കുന്ന ഫീസ് മറ്റ് സ്വകാര്യ സ്വാശ്രയ കോളേജുകൾക്കും ഈടാക്കാനുള്ള സാഹചര്യം ബോധപൂർവ്വം സൃഷ്ടിക്കുന്നതിന്റെ ഫലമായി ഉയർന്ന റാങ്കുകാരായ വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസിൽ പഠിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും ആശങ്കയകറ്റി വിദ്യാർത്ഥികളുടെ താൽപ്പര്യം സംരക്ഷിക്കാൻ സർക്കാർ തയ്യാറാകണം. ഗുരുതരമായ ഈ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വിദ്യാർത്ഥികൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ പഠിക്കാൻ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കാൻ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ വർഷം 1100 മെറിറ്റ് സീറ്റുകളിൽ സർക്കാർ തലത്തിലും സ്വാശ്രയ മേഖലയിലെ നാല് ക്രിസ്ത്യൻ

മാനേജ്മെന്റ് കോളേജുകളിൽ 200 സീറ്റിൽ മെറിറ്റ് അടിസ്ഥാനത്തിലും അഡ്മിഷൻ നടക്കുകയാണ്. പരിയാരം മെഡിക്കൽ കോളേജ് ഉൾപ്പെടെ 12 കോളേജുകളിലെ കൗൺസിലിംഗിന് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. മെറിറ്റ് അടിസ്ഥാനത്തിൽ പഠിക്കാൻ കഴിയുന്ന വിദ്യാർത്ഥികളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടും ഫീസ് ഏകീകരിച്ചുകൊണ്ടും മുന്നോട്ടുപോകുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ക്രിസ്ത്യൻ കോളേജുകളുമായി കരാറിലേർപ്പെട്ട് 50 ശതമാനം സീറ്റ് മെറിറ്റ് അടിസ്ഥാനത്തിൽ നൽകുന്നതിനുള്ള അവസരമുണ്ടാക്കിയിട്ടുണ്ട്. സർക്കാരുമായി കരാറുണ്ടാക്കാതെ രണ്ട് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ എം.ബി.ബി.എസ്. പ്രവേശനം നടത്തിയതിന്റെ പേരിൽ കർശന നടപടി സ്വീകരിക്കുകയും മെഡിക്കൽ കൗൺസിലിൽ പരാതി നൽകുകയും ചെയ്തിട്ടുണ്ട്. നൂറ് സീറ്റിലും അഡ്മിഷൻ നടത്താൻ അവകാശമുണ്ടെന്നാണ് എം.ഇ.എസ്. കോളേജിന്റെ വാദം. പത്ത് ശതമാനത്തിൽ കൂടുതൽ ഫീസ് ഓപ്പൺ മെറിറ്റ് സീറ്റിൽ വർദ്ധിപ്പിച്ചുനൽകില്ലെന്നും മെറിറ്റടിസ്ഥാനത്തിലുള്ള കുട്ടികൾക്ക് നിശ്ചിത ഫീസിൽ പ്രവേശനം നൽകണമെന്നുമുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അമ്പത് ശതമാനം മാനേജ്മെന്റ് സീറ്റിലേയ്ക്കുള്ള പ്രവേശന പരീക്ഷ മേയ് മാസം 31-നുമുമ്പ് നടത്തി ജൂൺ 5-നകം ഫലം

പ്രസിദ്ധീകരിക്കണമെന്നുള്ള സുപ്രീം കോടതിയുടെ നിർദ്ദേശം തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ നടപ്പിലാക്കാൻ കഴിഞ്ഞില്ലെന്ന വിവരം കോടതിയെ അറിയിക്കുമെന്നാണ് മാനേജ്മെന്റുകൾ ഗവൺമെന്റിനെ അറിയിച്ചത്. ഈ മാസം 20-ാം തീയതിക്കകം കരാറിൽ ഒപ്പിടണമെന്ന നിർദ്ദേശം മാനേജ്മെന്റുകൾക്ക് നൽകിയിട്ടുണ്ട്. പ്രവേശന പരീക്ഷയും കൗൺസിലിംഗും നടത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്. ടെസ്റ്റ് നടത്തുന്നതിന് സുപ്രീം കോടതിയിൽനിന്നും അനുമതി ലഭിക്കാത്തപക്ഷം സംസ്ഥാന എൻട്രൻസ് ലിസ്റ്റിൽനിന്നും അഡ്മിഷൻ നടത്താനുള്ള അനുവാദം മാത്രമേ സംസ്ഥാന സർക്കാർ നൽകുകയുള്ളൂ. സ്വാശ്രയ കോളേജുകളിൽ പ്രവേശനം ലഭിച്ച കുട്ടികൾക്ക് ഓപ്ഷൻ നൽകാനുള്ള അവസരം നൽകുന്നതാണ്. സീറ്റുകൾ നഷ്ടപ്പെടുമെന്ന ആശങ്കയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി. എസ്.

അച്യുതാനന്ദൻ, ഇ. ചന്ദ്രശേഖരൻ, മാത്യു റ്റി. തോമസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) കാലാവസ്ഥാ വ്യതിയാനംമൂലമുളവാകുന്ന വെല്ലുവിളികൾ

ശ്രീ. റ്റി. എൻ. പ്രതാപൻ: കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന ഗുരുതരമായ പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനായി മറ്റു രാജ്യങ്ങൾ ശാസ്ത്ര-ഗവേഷണ സ്ഥാപനങ്ങളെ സമന്വയിപ്പിച്ച് മുന്നോട്ടു പോകുമ്പോൾ കേരളം ഉചിതമായ നടപടി സ്വീകരിക്കുന്ന കാര്യത്തിൽ പിന്നോക്കം നിൽക്കുകയാണ്. ആഗോള താപനംമൂലം കടൽനിരപ്പ് ഉയരുന്നത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് തീരദേശപ്രദേശമായ കേരളത്തെയായിരിക്കും. കാലാവസ്ഥാ വ്യതിയാനമുണ്ടാകുമ്പോൾ മഴകുറയുന്നതിനും സമുദ്രനിരപ്പ് ഉയരുന്നതിനും തണ്ണീർ തടങ്ങൾ നശിക്കുന്നതിനും ജലസ്രോതസ്സുകളിലും ഭൂഗർഭ ജലത്തിലും ഉപ്പുവെള്ളം കയറുന്നതിനും കേരളത്തെ വരൾച്ചാ മേഖലയാക്കുന്നതിനും ഇടവരുത്തും. കൂടാതെ കാർഷികരംഗത്തെ

പ്രതികൂലമായി ബാധിക്കുകയും നെല്ല് ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം കുറയുകയും ചെയ്യും. കേരളത്തിന്റെ വനവും പരിസ്ഥിതിയും സംരക്ഷിക്കുന്നതോടൊപ്പം ആഗോളതാപനം മൂലമുണ്ടാകുന്ന വ്യതിയാനത്തിന് ശാസ്ത്രീയ പരിഹാരമുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ജനസംഖ്യാ വർദ്ധനവ്, നഗരവത്കരണം, വികസനാവശ്യങ്ങൾ എന്നിവ പരിസ്ഥിതിക്കേൽപ്പിക്കുന്ന ആഘാതം കാലാവസ്ഥാ വ്യതിയാനത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നതുമൂലം കൊടും ചൂട്, വരൾച്ച, കുടിവെള്ളക്ഷാമം, വെള്ളപ്പൊക്കം, തീരശോഷണം തുടങ്ങിയ കെടുതികൾക്ക് സംസ്ഥാനം വിധേയമാകുന്നു. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ആഘാതത്തെ പ്രതിരോധിക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി ആരംഭിച്ചിരിക്കുകയാണ്. ഹരിതശ്രീ മൂവ്മെന്റ് വഴി ഓരോ പഞ്ചായത്തിലും ഗ്രീൻ ടെക്നോളജി സെന്റർ ആരംഭിച്ച് നാടിനെ ഹരിതാഭമാക്കാനുള്ള പദ്ധതിയാണ് ഇതിലൂടെ വിഭാവന ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ കുളങ്ങളുടെയും ജലാശങ്ങളുടെയും സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കുന്നതിനും അവയുടെ സംരക്ഷണം ഏറ്റെടുത്ത് നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന്

അന്താരാഷ്ട്ര ജല സഹകരണ വാർഷികത്തോടനുബന്ധിച്ച് നടന്ന യോഗത്തിൽ മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് പഠിക്കുന്നതിനായി ഒരു പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. 'ഒരാൾക്ക് ഒരു മരം' പദ്ധതി ആവിഷ്കരിക്കാനും ജലവിഭവ വകുപ്പുമായി ആലോചിച്ച് ജല സമൃദ്ധി പദ്ധതി മുന്നോട്ടുകൊണ്ടുപോകാനും തീരുമാനിച്ചിട്ടുണ്ട്. പരിസ്ഥിതി, വനം, ജൈവ വൈവിധ്യ ബോർഡ്, പഞ്ചായത്ത് തുടങ്ങി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് നിലവിലുള്ള നിയമം കർക്കശമായി പാലിക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിന് അനുകൂലമായ ബോധവത്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (2) കശുവണ്ടി വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി. കെ. ഗുരുദാസൻ: കശുവണ്ടി വ്യവസായ മേഖലയിൽ സ്വകാര്യ മുതലാളിമാർ നടത്തുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും അവകാശങ്ങൾ നിഷേധിക്കുന്നതിനെ പ്രതിരോധിക്കുന്നതിനും വേണ്ടിയാണ് കാഷ്യു കോർപ്പറേഷനും കാപ്പെക്സും രൂപീകരിച്ചത്. കാപ്പെക്സിനെയും കാഷ്യുകോർപ്പറേഷനെയും തകർക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. തൊഴിലാളികൾ വിരമിക്കുന്നതിനനുസരിച്ച് പുതിയ ആളുകളെ നിയമിച്ചില്ലെങ്കിൽ ഈ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ട സ്ഥിതിവിശേഷമുണ്ടാകും. തോട്ടണ്ടിയുടെ വില

വർദ്ധനവിന് പരിഹാരമായി കെ.എസ്.ഐ.ഡി.സി.-യും കാപ്പെക്സും അസംസ്കൃത വസ്തുക്കൾ നേരിട്ട് വാങ്ങാനുള്ള നടപടി സ്വീകരിക്കണം. തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കാനും തോട്ടണ്ടി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി കാഷ്യൂ കൾട്ടിവേഷൻ ഏജൻസിയുടെ പ്രവർത്തനം പുനരാരംഭിക്കാനും കശുവണ്ടി ഇറക്കുമതി ചെയ്യുന്ന നടപടി പൂർണ്ണമായി അവസാനിപ്പിക്കാനും കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കശുവണ്ടി വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ വിവിധ ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് ഭാവിയിൽ കൈക്കൊള്ളേണ്ട കാര്യങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാണ്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും ഓരോ വർഷവും കാപ്പെക്സിനും കാഷ്യൂ കോർപ്പറേഷനും ആവശ്യമായ പണം സർക്കാർ അനുവദിച്ചിട്ടുണ്ട്. തോട്ടണ്ടിയുടെ ഇറക്കുമതി വർദ്ധിക്കുന്നതിനാൽ ആഭ്യന്തര ഉല്പാദനം കൂട്ടേണ്ടതായിട്ടുണ്ട്. കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകും. ഈ മേഖലയിൽ ലക്ഷ്യംവച്ചതിനേക്കാൾ കൂടുതൽ തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മിനിമം കൂലി വർദ്ധിപ്പിക്കുന്ന

കാര്യത്തിൽ ഉടൻ തീരുമാനമുണ്ടാകും. ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. നിയമനിഷേധം അവസാനിപ്പിക്കുക, വൃത്തിഹീനമായ അന്തരീക്ഷം ഒഴിവാക്കുക, സ്ത്രീ തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക തുടങ്ങിയവ സംബന്ധിച്ച് അടിയന്തരമായി പരിശോധിക്കുന്നതിന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

## **സബ്മിഷൻ**

### (1) ട്രാഫിക് യൂണിറ്റ്

ശ്രീ. സി. ദിവാകരൻ: സംസ്ഥാനത്ത് ഏറ്റവും കൂടുതൽ റോഡ് അപകടങ്ങൾ നടക്കുന്ന കരുനാഗപ്പള്ളിയിൽ ഒരു ട്രാഫിക് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കരുനാഗപ്പള്ളി പോലീസ് സബ്ഡിവിഷന്റെ കീഴിൽ ഒരു ട്രാഫിക് യൂണിറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയിൽനിന്ന് ലഭിച്ചിട്ടുള്ള നിർദ്ദേശം സംബന്ധിച്ച് മന്ത്രിസഭാ യോഗത്തിൽവച്ച് തീരുമാനമെടുക്കുന്നതാണ്.

## (2) ഹാന്റ്‌ലൂം ഇൻഡസ്ട്രിയൽ പാർക്ക്

ശ്രീ. കെ. എം. ഷാജി : കണ്ണൂരിലെ പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി സ്ഥാപിക്കുന്ന ഹാന്റ്‌ലൂം വില്ലേജിന് സമീപം ഒരു ഹാന്റ്‌ലൂം ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കൈത്തറി ഗ്രാമത്തിനോട് ചേർന്ന് രണ്ടേക്കർ സ്ഥലത്ത് ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് മുൻഗണന നൽകുന്ന രീതിയിൽ ബഹുനില വ്യവസായ സമുച്ചയം സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (3) ഫയർ സ്റ്റേഷൻ

ശ്രീ. സി. പി. മുഹമ്മദ് : പട്ടാമ്പിയിൽ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ പട്ടികയിൽ പട്ടാമ്പി ഉൾപ്പെട്ടിട്ടുണ്ടെങ്കിലും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (4) കോളേജ് മാഗസിൻ ഭാരവാഹികൾക്കെതിരെയുള്ള കേസ്

ശ്രീ. ബാബു എം. പാലിശ്ശേരി: പ്രധാനമന്ത്രി നരേന്ദ്രമോഡിയുടെ മുൻകാല പ്രവർത്തനങ്ങളെ വിമർശിക്കുന്ന പരാമർശങ്ങളുടെ പേരിൽ അദ്ധ്യാപകരുൾപ്പെടെയുള്ള കോളേജ് മാഗസിൻ ഭാരവാഹികൾക്കെതിരെ എടുത്ത കേസുകൾ പിൻവലിക്കുകയും  കേസെടുത്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഗുരുവായൂർ ശ്രീകൃഷ്ണകോളേജിലെ മാഗസിനിൽ പ്രധാനമന്ത്രി നരേന്ദ്രമോഡിയേയും രാഷ്ട്രീയ-ആത്മീയ നേതാക്കളെയും സംബന്ധിച്ച് പ്രസിദ്ധീകരിച്ച പദപ്രശ്നം വർഗ്ഗീയത വളർത്തുന്നതിന് കാരണമാകുമെന്നും കുന്നംകുളം ഏത്രൂർ പോളിടെക്നിക്ക് കോളേജ് മാഗസിനിൽ  ഒസാമ ബിൻ ലാദൻ, ഹിറ്റ്ലർ, പുലി പ്രഭാകരൻ, അജ്മൽ കസബ് എന്നിവരോടൊപ്പം പ്രധാനമന്ത്രി നരേന്ദ്രമോഡിയുടെ ഫോട്ടോ നെഗറ്റീവ് ഫേസസ് എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ചതിനെതിരെയുമുള്ള പരാതികളുടെ അടിസ്ഥാനത്തിൽ കേസെടുത്ത് അദ്ധ്യാപകരടക്കമുള്ള മാഗസിൻ പ്രവർത്തകരെ അറസ്റ്റ് ചെയ്യുകയും ജാമ്യത്തിൽ വിടുകയും ചെയ്തിട്ടുണ്ട്. ആവിഷ്ക്കാര സ്വാതന്ത്ര്യത്തെ മാനിക്കുന്നത് സർക്കാർ നയമാണെങ്കിലും  രാഷ്ട്രീയ-ആത്മീയ നേതാക്കളെ

മോശമായി ചിത്രീകരിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തെ സംബന്ധിച്ച് അന്വേഷിക്കുന്ന തൃശ്ശൂർ ഐ.ജി.യുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

## (5) തമിഴ് ലിംഗ്വിസ്റ്റിക് മൈനോറിറ്റി സ്കൂളുകളുടെ പ്രശ്നങ്ങൾ

ശ്രീ. എസ്. രാജേന്ദ്രൻ: തമിഴ് ലിംഗ്വിസ്റ്റിക് മൈനോറിറ്റിക്ക് അനുവദിച്ചിട്ടുള്ള ഐ.ടി.ഐ ചിത്തിരപുരം ഹൈസ്കൂൾ കെട്ടിടത്തിൽ തുടങ്ങുന്നതിനും തോട്ടംമേഖലയിലെ എൽ.പി./യു.പി. സ്കൂളുകൾ നിലനിറുത്തുന്നതിനും നടപടിയുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): പുതിയ മാനദണ്ഡ പ്രകാരം അടച്ചുപൂട്ടൽ ഭീഷണിയിൽ നിന്ന് ഒഴിവാക്കിയ തോട്ടം മേഖലയിലെ തമിഴ് ലിംഗ്വിസ്റ്റിക് മൈനോറിറ്റി സ്കൂളുകളുടെ വിവരശേഖരണം പൂർത്തിയായിട്ടില്ല. മൂന്നാർ ടി.ടി.ഐ. മാറ്റിസ്ഥാപിക്കുന്നതിനായി ചിത്തിരപുരം സ്കൂളിലെ ഒഴിഞ്ഞ കെട്ടിടം വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് ടെക്നിക്കൽ ഹയർ സെക്കണ്ടറി അധികൃതരും പഞ്ചായത്ത് അധികൃതരും സന്ദർശനം നടത്തി വിവരം ശേഖരിച്ചതിന്റെ അടിസ്ഥാനത്തിൽ ടി.ടി.ഐ. സൗകര്യപ്രദമായി പ്രവർത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (6) അനദ്ധ്യാപക തസ്തികകൾ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സംസ്ഥാനത്തെ എയിഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾക്ക് ആനുപാതികമായി അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സംസ്ഥാനത്തെ എയ്ഡഡ്/സർക്കാർ കോളേജുകളിലെയും യൂണിവേഴ്സിറ്റികളിലെയും അനദ്ധ്യാപക ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച പ്രൊഫ. രവീന്ദ്രനാഥ് ചെയർമാനായ സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേൽ സർക്കാർ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സ്വകാര്യ എയ്ഡഡ് കോളേജുകളിൽ സൃഷ്ടിക്കേണ്ട അനദ്ധ്യാപക തസ്തികകളുടെ എണ്ണവും അധിക സാമ്പത്തിക ബാധ്യതയും സംബന്ധിച്ച കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം സ്വകാര്യ എയ്ഡഡ് കോളേജുകളിൽ നിന്നും പ്രത്യേകം അപേക്ഷ വാങ്ങി ശുപാർശ സഹിതം സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതാണ്.

## (7) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നവീകരണം

ശ്രീ. ഹൈബി ഈഡൻ: എറണാകുളം ബോട്ട്ജെട്ടിക്ക് സമീപമുള്ള കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും ടൂറിസം വകുപ്പിന്റെ സഹായത്തോടെ ബോട്ട് ജെട്ടി നവീകരിക്കുന്നതിനും നടപടി

സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ടൂറിസം വകുപ്പുമായി ആലോചിച്ച് ഇതു സംബന്ധിച്ച പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതാണ്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): പദ്ധതി ആവിഷ്ക്കരിക്കുന്നതിനും ആവശ്യമായ ഫണ്ട് നൽകുന്നതിനും ടൂറിസം വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.

## (8) കണ്ടശ്ശാംകടവിൽ സ്ഥിരം പവലിയൻ

ശ്രീ. പി. എ. മാധവൻ: ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി വള്ളംകളി നടക്കുന്ന മണലൂർ കണ്ടശ്ശാംകടവിൽ സ്ഥിരം പവലിയൻ നിർമ്മിക്കുന്നതിനും ഈ പ്രദേശത്തെ ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി വള്ളംകളി മത്സരം നടക്കുന്ന മണലൂർ കണ്ടശ്ശാംകടവിൽ ഗ്യാലറി നിർമ്മിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചാലുടൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (9) ലഹരിവിരുദ്ധ ക്ലബ്ബുകൾ

ശ്രീ. റ്റി. വി. രാജേഷ്: വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി

ഉപഭോഗം കുറയ്ക്കുന്നതിനായി സ്കൂൾതലത്തിൽ ലഹരി മരുന്ന് വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും ലഹരി മരുന്ന് വിൽപ്പന നടത്തുന്ന മരുന്നുകടകളുടെ ലൈസൻസ് റദ്ദാക്കുന്നതിനും വിദ്യാലയ പരിസരങ്ങളിൽനിന്ന് ലഹരിവസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് സ്ക്വാഡ് രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. മയക്കുമരുന്ന് കേസിൽ പിടിക്കപ്പെടുന്നവർക്കെതിരെ ജാമ്യമില്ലാ വകുപ്പുകൾ പ്രകാരം കേസെടുക്കുന്നതിനായി കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്താൻ ആവശ്യപ്പെടണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): മദ്യപാനത്തിന്റെയും ലഹരിമരുന്ന് ഉപയോഗത്തിന്റെയും ദോഷവശങ്ങൾ സംബന്ധിച്ച് സമഗ്ര പഠനം നടത്താൻ വിദഗ്ധ സമിതിയെ നിയോഗിച്ചതിനോടൊപ്പം വിദ്യാലയങ്ങൾക്കും കോളേജുകൾക്കും സമീപം പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന നിരോധിക്കുകയും സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിക്കുകയും വിവിധ സന്നദ്ധ സംഘടനകൾ മുഖാന്തരം ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. മയക്കുമരുന്ന് കേസിൽ പിടിക്കപ്പെടുന്നവർക്കെതിരെ കുറ്റംചുമത്തുന്ന നിയമത്തിലെ പോരായ്മ നികത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നതാണ്.

## (10) കടൽഭിത്തി നിർമ്മാണം

ശ്രീ. ജി. സുധാകരൻ: അമ്പലപ്പുഴ മണ്ഡലത്തിലെ പുറക്കാട് പഞ്ചായത്തിൽ പുതിയ കടൽഭിത്തിയും പുലിമുട്ടും നിർമ്മിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലുള്ള പ്രോജക്ടിൽ ഉൾപ്പെടുത്തിയോ സംസ്ഥാന സർക്കാരിന്റെ പദ്ധതിയിൽപ്പെടുത്തിയോ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): പുറക്കാട് പഞ്ചായത്ത് ഉൾപ്പെടുന്ന തീരപ്രദേശത്ത് ചെന്നൈ ഐ.ഐ.ടി.-യുടെ പഠന റിപ്പോർട്ടനുസരിച്ചുള്ള കടൽഭിത്തി നിർമ്മാണം നബാർഡിന്റെ സഹായത്തോടെ ആരംഭിച്ചു. കേന്ദ്ര /സംസ്ഥാന ഗവൺമെന്റുകളിൽ നിന്നും ഇതിനുവേണ്ടി കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതാണ്.

## (11) പുതിയ പഞ്ചായത്തുകൾ

ശ്രീ. കെ. എൻ. എ. ഖാദർ: വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽപ്പെട്ട മൂന്നിയൂർ, വള്ളിക്കുന്ന്, പള്ളിക്കൽ പഞ്ചായത്തുകൾ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): ജനസംഖ്യയുടെയും വിസ്തീർണ്ണത്തിന്റെയും തനത് വരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നത്. നിലവിലുള്ള

ഗ്രാമപഞ്ചായത്തുകളെ വിഭജിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി രൂപീകരിച്ച സമിതിയുടെ ശുപാർശയനുസരിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## (12) പുതുക്കാട് താലൂക്ക് ആശുപത്രി

പ്രൊഫ. സി. രവീന്ദ്രനാഥ്: ജീവനക്കാരുടെ അപര്യാപ്തത പരിഹരിച്ച് പുതുക്കാട് താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): 01-03-2011-ലെ ഉത്തരവുപ്രകാരം താലൂക്കാശുപത്രിയായി ഉയർത്തിയ പുതുക്കാട് ഗവൺമെന്റ് ആശുപത്രിയിൽ സിവിൽ സർജൻ, അസിസ്റ്റന്റ് സർജൻ, ജൂനിയർ കൺസൾട്ടന്റ്, നഴ്സിംഗ് സൂപ്രണ്ട്, നഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ 40 തസ്തികകൾ നിലവിലുണ്ട്. അഡ്ഹോക് വ്യവസ്ഥയിൽ അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റിനെയും എൻ.ആർ.എച്ച്.എം. മുഖേന രണ്ട് ഡോക്ടർമാരെയും ലഭ്യമാക്കിയിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡറിലുള്ള ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പം അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയുമാണ്.

## (13) താലൂക്കാശുപത്രിയായി ഉയർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. മോയിൻകുട്ടി: തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനും മാനദണ്ഡങ്ങൾക്കനുസരിച്ച് മറ്റ് സി.എച്ച്.സി.കളിലും പി.എച്ച്.സി.കളിലും കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): മുക്കം സി.എച്ച്.സി.-യിൽ 6 ഫീൽഡ് സ്റ്റാഫ് ഉൾപ്പെടെ 21 തസ്തികകൾ നിലവിലുണ്ട്. ആശുപത്രിയുടെ സുഗമമായ നടത്തിപ്പിനായി രണ്ട് എൻ.ആർ.എച്ച്.എം. ഡോക്ടർമാരും 10 നഴ്സുമാരും ഉൾപ്പെടെ 17 അധിക ജീവനക്കാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കിടത്തി ചികിത്സാ സൗകര്യമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മുക്കം സി.എച്ച്.സി.യെ താലൂക്കാശുപത്രിയായി ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (14) നിലം നികത്തൽ

ശ്രീ. സി. കെ. സദാശിവൻ: മാവേലിക്കര വെള്ളാപ്പള്ളി നടേശൻ എഞ്ചിനീയറിംഗ് കോളേജിന്റെ മറവിൽ പരിസ്ഥിതി ആഘാതമുണ്ടാകുന്ന തരത്തിൽ നടക്കുന്ന അനധികൃത നിലംനികത്തലും നിർമ്മാണ പ്രവർത്തനങ്ങളും അവസാനിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): മാവേലിക്കര താലൂക്കിലെ ഭരണിക്കാവ് വില്ലേജിൽ വെള്ളാപ്പള്ളി നടേശൻ കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ ലേഡീസ് ഹോസ്റ്റലിനോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് പുറമ്പോക്ക് കയ്യേറ്റത്തിനെതിരെ കെ.എൽ.സി. ആക്ടും അനധികൃതമായ നിലം നികത്തലിനെതിരെ കെ.എൽ.യു. ഉത്തരവും പ്രകാരം നടപടി സ്വീകരിച്ചുവരികയാണ്.

## (15) സ്റ്റേറ്റ് ഹൈവേ അഭിവൃദ്ധിപ്പെടുത്തൽ

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): കാസർഗോഡ്-കാഞ്ഞങ്ങാട് ദേശീയപാത യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും പാരലൽ റോഡുകൾ

ഗതാഗത യോഗ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കാസർഗോഡ്-കാഞ്ഞങ്ങാട് കെ.എസ്.ടി.പി. സെക്കന്റ് ഫേസിലുള്ള റോഡിന്റെ പ്രവൃത്തികൾ പുരോഗതിയിലാണ്. പാരലൽ റോഡുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (16) സ്ഥലമെടുപ്പ് നടപടി ത്വരിതപ്പെടുത്തൽ

ശ്രീ. കെ. സുരേഷ് കുറുപ്പ്: സ്ഥലമേറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തി മണർകാട്-ഏറ്റുമാനൂർ ബൈപ്പാസ് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): കോട്ടയം ജില്ലയിലെ പട്ടിത്താനം-മണർകാട് ബൈപ്പാസിനുവേണ്ടി 5.1351 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 23-01-2013-ൽ ചേർന്ന സ്റ്റേറ്റ് ലെവൽ എമ്പവേർഡ് കമ്മിറ്റി വില നിശ്ചയിച്ച് നൽകുകയും 37.31 കോടി രൂപ സർക്കാർ

അനുവദിക്കുകയും ചെയ്തു. മണർകാട്, പേരൂർ, ഏറ്റുമാനൂർ വില്ലേജുകളിൽ യഥാക്രമം 192, 179, 115 എൽ.എ. കേസുകളിൽ അവാർഡ് പാസ്സാക്കി ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 67 കേസ്സുകളിൽ ഭൂവുടമകൾ മതിയായ രേഖകൾ ഹാജരാക്കാത്തതിനാൽ ഭൂമി ഏറ്റെടുത്തിട്ടില്ല. നിയമപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കുന്നതാണ്.

## (17) <u>സ്ഥലമെടുപ്പ് നടപടികളുടെ പൂർത്തീകരണം</u>

<u>ശ്രീ. പി. ഉബൈദുള്ള:</u> മലപ്പുറം കോട്ടപ്പടി-വലിയങ്ങാടി ബൈപ്പാസിന്റെയും തലപ്പ്കടവ്-ആശാരിപ്പടി പാലത്തിന്റെ അപ്രോച്ച് റോഡിന്റെയും സ്ഥലമെടുപ്പ് നടപടികൾ എത്രയുംവേഗം പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. എ. പി. അനിൽകുമാർ)</u>: മലപ്പുറം കോട്ടപ്പടി-വലിയങ്ങാടി ബൈപ്പാസ് റോഡ് നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കുന്നത് സംബന്ധിച്ച് 20-8-2013-ലെ സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകുകയും സ്ഥലം ഉടമകൾക്ക് നോട്ടീസ് നൽകി കരട് വിജ്ഞാപനം

പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്താൽ മാത്രമേ പുതിയ കേന്ദ്രനിയമം അനുസരിച്ച് ഇനി സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കാൻ സാധിക്കൂ. തലപ്പ്കടവ്-ആശാരിപ്പടി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പിനായി ജില്ലാതല പർച്ചേസ് കമ്മിറ്റി ഭൂഉടമകളുമായി ചർച്ച നടത്തി സ്ഥലവില നിശ്ചയിച്ചിട്ടുണ്ടെങ്കിലും 1-1-14 മുതൽ സ്ഥലമെടുപ്പ് സംബന്ധിച്ച കേന്ദ്രനിയമം നിലവിൽവന്നതിനാൽ പ്രസ്തുതനിയമപ്രകാരം നഷ്ടപരിഹാരത്തുക പുനർനിർണ്ണയിച്ച് ഭൂമിയേറ്റെടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (18) <u>എയർപോർട്ട് റോഡ് വികസനം</u>

<u>ശ്രീ. ജോസ് തെറ്റയിൽ:</u> വേങ്ങൂർ-നായത്തോട്-എയർപോർട്ട് റോഡ് വികസനത്തിനായി 4(1) നോട്ടിഫിക്കേഷൻ പ്രകാരം അനുവദിച്ച തുകയും വിജ്ഞാപനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള അധികതുകയും അനുവദിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):</u> വേങ്ങൂർ-നായത്തോട്-എയർപോർട്ട് റോഡിന്റെ സ്ഥലമെടുപ്പ് സംബന്ധിച്ച വിജ്ഞാപനം

2014 സെപ്റ്റംബർ മാസത്തിൽ ലാപ്സാകുമെന്നുള്ളതിനാൽ സ്ഥലമേറ്റെടുക്കലിനുള്ള നഷ്ടപരിഹാരമായി പതിനഞ്ച് കോടി രൂപ അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് റോഡ് വിഭാഗത്തിന്റെ 2014-15 ബഡ്ജറ്റ് ശീർഷകത്തിൽ സ്ഥലമെടുപ്പിനുള്ള തുക അവ്യക്തമായതിനാൽ ആവശ്യമായ തുക അധികമായി അനുവദിക്കാൻ ധനകാര്യവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ:**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം:**

(1) കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റിന്റെ പ്രവർത്തനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI- ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

## 2014– 2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): താഴെ പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും - (671, 54, 13, 000 രൂപ)

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ് ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. വ്യത്യസ്ത

മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി എൽ.ഡി.എഫ്. സർക്കാരുകൾ ആവിഷ്കരിച്ച പദ്ധതികളെല്ലാം അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും അവരെ രക്ഷപ്പെടുത്തുന്നതിനും ക്രിമിനൽ സ്വഭാവമുള്ളവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും തൊഴിൽമേഖലകളിൽവച്ച് അപകടമരണം സംഭവിക്കുന്നവർക്ക് സഹായധനം നൽകുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കണം. ടെക്സ്റ്റൈൽ മേഖലകളിലടക്കമുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെയും പെൺകുട്ടികളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തണം. പുതിയ മേഖലകളിൽക്കൂടി തൊഴിലുറപ്പ് പദ്ധതി വ്യാപകമാക്കുന്നതിന് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നഗരങ്ങളിൽ ആവിഷ്കരിച്ച അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി തുടർന്നും നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വകുപ്പുമന്ത്രി ക്ഷേമനിധി പ്രവർത്തനങ്ങൾ വേണ്ടത്ര രീതിയിൽ കൈകാര്യം ചെയ്യാത്തതിനാൽ പല ക്ഷേമനിധികളുടെയും പ്രവർത്തനം ഇപ്പോൾ അവതാളത്തിലാണ്. ആഭ്യന്തരയുദ്ധംമൂലം മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്തണം. ചൂഷണത്തിനിരയാകുന്ന ഗൾഫ് മലയാളികളെ സഹായിക്കുന്നതോടൊപ്പം എംബസികളുടെ ഭാഗത്തുനിന്നുള്ള

വിവേചനം അവസാനിപ്പിക്കാൻ ശക്തമായ ഇടപെടൽ ഉണ്ടാകണം. നിതാഖത് നിയമത്തിന്റെ ഫലമായി തിരികെവരുന്ന പ്രവാസികൾക്കായി സർക്കാർ പ്രഖ്യാപിച്ച പുനരധിവാസ പാക്കേജിന്റെ ആനുകൂല്യം കുറച്ചുപേർക്ക് മാത്രമാണ് ലഭിച്ചിട്ടുള്ളത്. പ്രവാസി ക്ഷേമപദ്ധതികളെല്ലാം പരാജയപ്പെട്ടിരിക്കുകയാണ്. പെൻഷൻ പദ്ധതിയിൽ അംഗത്വമെടുക്കാനുള്ള പ്രായപരിധി 60 വയസ്സായി ഉയർത്താൻ തയ്യാറാകാതെ പ്രവാസികളോട് നിഷേധാത്മക നിലപാടുകളാണ് സർക്കാർ സ്വീകരിക്കുന്നത്. പ്രവാസി ക്ഷേമനിധി സംവിധാനം മെച്ചപ്പെടുത്താൻ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കാനും കേന്ദ്രവിഹിതം നേടിയെടുക്കാനും നടപടി സ്വീകരിക്കണം. പ്രവാസിക്ഷേമത്തിനു വേണ്ടിയുള്ള ക്രിയാത്മക പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പരാജയപ്പെട്ടിരിക്കുകയാണ്.

<u>ശ്രീ. എം. പി. വിൻസെന്റ്</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. തൊഴിലാളി ക്ഷേമം ഉറപ്പുവരുത്താനും നോക്കുകൂലി, അമിതകൂലി എന്നിവയ്ക്കെതിരെ ശക്തമായ നടപടിയെടുക്കാനും സർക്കാരിന് കഴിഞ്ഞു. വ്യവസായ പുരോഗതിക്കനുസൃതമായ തൊഴിൽ സംസ്ക്കാരമുണ്ടാക്കണം. അൺ-എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ശമ്പള

വർദ്ധനവും തൊഴിൽ സുരക്ഷയും ഉറപ്പുവരുത്താനും ഇവരുടെ ക്ഷേമത്തിനായി നിയമനിർമ്മാണം നടത്താനും നടപടി സ്വീകരിക്കണം. ടെക്സ്റ്റൈൽ മേഖലയിൽ ജോലിയെടുക്കുന്ന സ്ത്രീകളുൾപ്പെടെയുള്ളവരെ ചൂഷണം ചെയ്യുന്ന നടപടി അവസാനിപ്പിക്കാൻ ഒരു സമിതിയെ നിയോഗിക്കണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയ്മെന്റ് പോർട്ടബിലിറ്റി സെന്ററാക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ഓൺലൈൻ രജിസ്ട്രേഷനും കരാർ നിയമനങ്ങളുടെ ചുമതലയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് നൽകണം. ഐ.ടി.ഐ.-കളിലെ കോഴ്സുകൾ കാലാനുസൃതമായി പരിഷ്ക്കരിക്കണം. ആർ.ഐ. സെന്ററുകളുടെ പ്രവർത്തനം ശ്ലാഘനീയമാണ്. തൊഴിലാളികൾക്ക് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നത് തൊഴിൽ ചൂഷണം തടയാൻ ഉപകരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അന്യസംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകളിൽ മിന്നൽ പരിശോധന നടത്തണം. ആറ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നൈപുണ്യ കേന്ദ്രങ്ങളാക്കിയ നടപടി ശ്ലാഘനീയമാണ്. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി പത്താംക്ലാസ് കഴിഞ്ഞവർക്ക് തൊഴിൽ പരിശീലനം നൽകാനുള്ള സംവിധാനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സാധ്യമാക്കണം. നിരവധി പദ്ധതികൾക്ക് രൂപം

നൽകാൻ തൊഴിൽ വകുപ്പിന് കഴിഞ്ഞുവെന്നതും സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം വർദ്ധിപ്പിച്ച നടപടിയും അഭിനന്ദനാർഹമാണ്. നിർമ്മാണ തൊഴിലാളികൾക്ക് പുതിയ സാങ്കേതിക വിദ്യ പകർന്നുനൽകാനുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ പദ്ധതി വൻ വിജയമാക്കാൻ കഴിഞ്ഞു. സെക്യൂരിറ്റി തൊഴിലാളി രംഗത്ത് നാഷണൽ ഒക്യുപ്പേഷൻ സ്റ്റാൻഡേർഡ് അനുസരിച്ചുള്ള തൊഴിലാളികളെ വാർത്തെടുക്കാനുള്ള പദ്ധതി ശ്ലാഘനീയമാണ്. തോട്ടം തൊഴിലാളികൾക്ക് കൂലി പുതുക്കി നിശ്ചയിച്ചത് ആശ്വാസം നൽകുന്നതാണ്. തൊഴിൽ വകുപ്പിന്റെ കീഴിൽ സാങ്കേതിക സർവ്വകലാശാല രൂപീകരിക്കണം. ഒല്ലൂർ നിയോജകമണ്ഡലത്തിൽ ഒരു ഐ.റ്റി.ഐ. ആരംഭിക്കാൻ നടപടി സ്വീകരിക്കണം. പ്രവാസി മലയാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനും ശരിയായ യാത്രാ രേഖകളില്ലാതെ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്നവർക്ക് നിയമാനുസൃതമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാനും ശക്തമായ ഇടപെടൽ ഉണ്ടാകണം. ഇറാഖിലെ ആഭ്യന്തര കലാപംമൂലം ബുദ്ധിമുട്ടുന്നവരെ നാട്ടിലെത്തിക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു.

തൊഴിലാളി ക്ഷേമത്തിനുവേണ്ടി വിവിധ സമിതികൾ സമർപ്പിച്ച ശുപാർശകളിന്മേൽ തുടർനടപടി സ്വീകരിക്കാൻ കഴിയാതെ നിസ്സഹായവസ്ഥയിലാണ് തൊഴിൽ വകുപ്പുമന്ത്രി. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് സമർപ്പിച്ച 66 ശുപാർശകളിന്മേലും നടപടി സ്വീകരിക്കാത്തത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ലേബർ കമ്മീഷണറേറ്റിന്റെ പ്രവർത്തനം ഊർജ്ജസ്വലമാക്കണം. തൊഴിലാളി ക്ഷേമത്തിന് ഊന്നൽ നൽകുന്ന കാര്യത്തിൽ അടിയന്തര ശ്രദ്ധ ചെലുത്തണം. മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. സർക്കാർ ഉത്തരവുകൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണം. ഗാർഹികമേഖലയിൽ പണിയെടുക്കുന്ന സ്ത്രീത്തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണം. ആർ.എസ്.ബി.വൈ. പദ്ധതി റിലയൻസ് പോലുള്ള സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളെ ഏൽപ്പിക്കാനുള്ള നീക്കം തടയാൻ കഴിയണം. തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനത്തിനാവശ്യമായ ധനസഹായം ലഭ്യമാക്കണം. തോട്ടംതൊഴിലാളികൾക്ക് മാന്യമായ വേതനം

ലഭ്യമാക്കാനാവശ്യമായ വകുപ്പുതല ഇടപെടൽ ഉണ്ടാകണം. ഭവന പദ്ധതികൾക്കായി മാറ്റിവച്ച തുക ചെലവഴിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണം. തൊഴിലാളിക്ഷേമം ഉറപ്പുവരുത്തുന്നതിന് തൊഴിൽ വകുപ്പുമന്ത്രിയുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയിൽ മുഖ്യപങ്കുവഹിക്കുന്ന പ്രവാസി മലയാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുന്നത് നാമമാത്രമായ തുകയാണ്. ഭാരതീയ പ്രവാസി ദിവസ് നടത്തുന്നതുപോലെ കേരള പ്രവാസി ദിവസ് സംഘടിപ്പിച്ചുകൊണ്ട് പ്രവാസികളുടെ നിക്ഷേപം സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം. നിതാഖത് പോലുള്ള പ്രശ്നങ്ങളിൽ നിതാന്ത ജാഗ്രതയോടെ പ്രവർത്തിക്കാൻ യു.പി.എ. ഗവൺമെന്റിന് കഴിഞ്ഞിരുന്നു. എയർ ഇന്ത്യ ടിക്കറ്റ് നിരക്കിൽ വർദ്ധനവ് വരുത്തുന്നത് പ്രവാസികളോടുള്ള വെല്ലുവിളിയാണ്. കേരളത്തിന് സ്വന്തമായി വിമാന സർവ്വീസ് തുടങ്ങാനുള്ള പ്രവർത്തനത്തിന് നാന്ദി കുറിക്കണം. എയർ ഇന്ത്യയുടെ അനീതിക്കെതിരായി സർവ്വകക്ഷി സംഘം കേന്ദ്ര

സർക്കാരിനെ സമീപിക്കണം. വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ മോചിപ്പിക്കുന്നതിനാവശ്യമായ പരിശ്രമം നടത്തണം. ഗൾഫ് നാട്ടുകളിലെ തൊഴിലാളികളുടെ സാങ്കേതിക വൈദഗ്ദ്ധ്യം ഉറപ്പുവരുത്താനും അവർക്കാവശ്യമായ ഭാഷാ പരിജ്ഞാനം നൽകി ഈ മേഖലയെ സമ്പുഷ്ടമാക്കാനും കഴിയണം. തൊഴിൽ വകുപ്പ് ആരംഭിക്കുന്ന ഇന്റർനാഷണൽ സ്കിൽ പാർക്ക്, കമ്മ്യൂണിറ്റി സ്കിൽ പാർക്ക്, ഏവിയേഷൻ അക്കാദമി, സിവിൽ അക്കാദമി ഫോർ ഓയിൽ ആന്റ് റിഗ്ഗ് തുടങ്ങിയ സ്ഥാപനങ്ങളിൽ ഗുണനിലവാരമുള്ള തൊഴിൽ അന്വേഷകരുടെ സാധ്യത ഉറപ്പുവരുത്തണം. സർക്കാർ ഐ.ടി.ഐ.കളുടെ ഗുണനിലവാരം ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നിലവാരത്തിലേക്ക് ഉയർത്താനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. മെക്കാനിക്കൽ ട്രേഡിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്ന പദ്ധതി മറ്റ് ട്രേഡുകളിലെ വിദ്യാർത്ഥികൾക്കുകൂടി നൽകണം. തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നിയമം കൊണ്ടുവരാനുള്ള തീരുമാനം സ്വാഗതാർഹമാണ്. മനുഷ്യവിഭവ ശേഷികൊണ്ട് രാഷ്ട്ര പുരോഗതി കൈവരിക്കാൻ കഴിയുന്ന മാതൃക യാഥാർത്ഥ്യമാക്കണം. വിദഗ്ദ്ധ തൊഴിലാളികളെ സൃഷ്ടിക്കാൻ

നിർമ്മാണ മേഖലയിൽ സ്ഥാപിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് അന്താരാഷ്ട്ര നിലവാരമുള്ളതായിരിക്കണം. തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടിയുണ്ടാകണം. അന്യസംസ്ഥാന തൊഴിലാളികൾക്ക് ബി.ഒ.ടി. മാതൃകയിൽ ക്ഷേമിനിധി ബോർഡുമായി ചേർന്ന് പാർപ്പിട സൗകര്യമൊരുക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. തൊഴിലാളികൾക്ക് ക്രിമിനൽ സ്വഭാവമില്ലെന്ന് തെളിയിക്കാൻ മതിയായ രേഖകളോടുകൂടിയ രജിസ്ട്രേഷൻ നിർബന്ധമാക്കണം. അന്യസംസ്ഥാന തൊഴിലാളികൾക്കായി സംസ്ഥാന ഗവൺമെന്റ് നിയമനിർമ്മാണം നടത്തണം. കടുത്ത വെയിൽ അതിജീവിക്കാനാകുംവിധം തൊഴിൽ സമയങ്ങളിൽ ക്രമീകരണം ഏർപ്പെടുത്തണം. നിതാഖത് നിയമം നടപ്പിലാക്കിയപ്പോഴും സംസ്ഥാനത്തേക്ക് തിരിച്ചുവരുന്ന പ്രവാസികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകാതിരുന്നത് കേരളത്തിൽനിന്നുള്ള കേന്ദ്ര മന്ത്രിമാരുടെ ധീരമായ നടപടികളിലൂടെയാ യിരുന്നുവെന്ന കാര്യം വിസ്മരിക്കരുത്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവാസി സംവരണ സീറ്റിലേക്ക് അമിത ഫീസ് ഈടാക്കുന്നത് നിർത്തലാക്കണം. പ്രവാസികൾക്ക് മാത്രമായുള്ള ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കണം. വിദേശ മലയാളികളുടെ മക്കൾക്ക് മലയാള ഭാഷ പഠിക്കുന്നതിനുള്ള

അവസരമൊരുക്കിക്കൊടുക്കണം.

<u>ശ്രീ. സി. കെ. നാണു:</u> ധനാഭ്യർത്ഥനയെ എതിർക്കുന്നു. വടകരയിൽ ഇ.എസ്.ഐ. സൗകര്യമുള്ള ആശുപത്രി അനുവദിക്കണം. തെങ്ങുകയറ്റ തൊഴിലാളികളെ സംരക്ഷിക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം. ചുരുട്ട്/ബീഡി തൊഴിലാളികളുടെ പെൻഷൻ യഥാസമയം ലഭ്യമാക്കണം. വികലാംഗർക്ക് നൽകുന്ന പരിഗണന ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ അമ്മമാർക്കും നൽകണം. പ്രവാസികളിൽനിന്ന് അമിത വിമാനക്കൂലി ഈടാക്കുന്നതിനെതിരെ നടപടിയെടുക്കണം. തൊഴിലുറപ്പ് പദ്ധതിയുടെ വേതനവും തൊഴിൽദിനങ്ങളും വർദ്ധിപ്പിക്കണം.

ചീഫ് വിപ്പ് <u>(ശ്രീ. പി. സി. ജോർജ്)</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിലാളി പെൻഷനുകൾ 600 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. തൊഴിൽ സമരങ്ങളില്ലാതായത് തൊഴിൽ വകുപ്പിന്റെ പ്രവർത്തന മികവിന് തെളിവാണ്. ഇ.എസ്.ഐ. ആശുപത്രികളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കണം. തോട്ടം തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കണം. ബലരാമൻ

കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഴ്സുമാരുടെ വേതനം വർദ്ധിപ്പിച്ചത് അഭിനന്ദനീയമാണ്. അൺ എയ്ഡഡ് മേഖലയിലെ ജീവനക്കാർക്ക് മെച്ചപ്പെട്ട ശമ്പളം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വിദേശരാജ്യങ്ങളിൽനിന്ന് തിരിച്ചെത്തുന്നവരെ പുനരധിവസിപ്പിക്കണം. പ്രവാസികളിൽ നിന്ന് അമിതകൂലി ഈടാക്കുന്ന വിമാന കമ്പനികൾക്കെതിരെ നടപടിയെടുക്കാനാവശ്യമായ ഇടപെടൽ ഉണ്ടാകണം. അന്യസംസ്ഥാന തൊഴിലാളികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഇവർക്കായി ലേബർ ഡിപ്പാർട്ട്മെന്റിൽ പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. 12 താലൂക്കുകളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാരെ നിയമിക്കുകയും 7 ലേബർ ഓഫീസുകൾ ആരംഭിക്കുകയും വേണം.

ശ്രീ. എ. റ്റി. ജോർജ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി നോർക്ക സെൽ സ്ഥാപിക്കുകയും വിവിധ പദ്ധതികൾ നടപ്പാക്കുകയും ചെയ്തു. 60 വയസ്സുകഴിഞ്ഞ പ്രവാസി മലയാളികൾക്ക് ക്ഷേമനിധി, വിദേശത്ത് ജോലിക്ക് പോകുന്നവർക്ക് തട്ടിപ്പുകളിൽനിന്ന് രക്ഷനേടുന്നതിനായി മാധ്യമങ്ങൾ വഴി ബോധവത്കരണം, തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകി സ്വയം തൊഴിൽ

കണ്ടെത്തുന്നതിനുള്ള സൗകര്യം, ശാസ്ത്ര സാങ്കേതിക അക്കാദമിക രംഗങ്ങളിൽ മികവുള്ള പ്രവാസികളുടെ ഡാറ്റാബാങ്ക് തയ്യാറാക്കുന്ന പദ്ധതി, പ്രവാസി പുനരധിവാസ പാക്കേജ് എന്നിവ സ്വാഗതാർഹമാണ്. സംഘടിത മേഖലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യരായ തൊഴിൽ രഹിതർക്കായി വിവിധോദ്ദേശ്യ തൊഴിൽ ക്ലബുകൾ, വ്യോമയാനത്തിനും മറ്റ് നൈപുണ്യമേഖലകളിലും സാങ്കേതിക പരിശീലനവും പരിജ്ഞാനവും നൽകുന്നതിനായി കേരള സ്കിൽഡ് എക്സലൻസ് അക്കാദമിയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ടെക്നിക്കൽ ട്രെയിനിംഗ് & ഡവലപ്മെന്റ് സെന്റർ എന്നിവ സംസ്ഥാനത്തിന് മുതൽക്കൂട്ടാണ്. എംപ്ലോയ്മെന്റ് ഏജൻസികൾ വഴി നടത്തുന്ന ശരണ്യ പദ്ധതി വനിതകളെ സ്വയം തൊഴിൽ സജ്ജരാക്കുന്നതിന് സഹായകമാകും. അന്യസംസ്ഥാന തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി ഇവരുടെ ആധികാരിക വിവരങ്ങൾ ശേഖരിച്ച് യു.ഐ.ഡി നൽകുന്ന പദ്ധതി, പരമ്പരാഗത തൊഴിലാളികളുടെ ക്ഷേമത്തിനായി ഇൻഷ്വറൻസ് സ്കീം, കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുക, ഐ.റ്റി.ഐ.-കൾ അന്താരാഷ്ട്ര നിലവാരത്തിലുള്ളതാക്കുക തുടങ്ങിയ നടപടികൾ പ്രശംസനീയമാണ്. കോഴിക്കോട് റസിഡൻഷ്യൽ ഐ.റ്റി.ഐ., ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രെയിനിംഗ്,

സെന്റർ ഫോർ എക്സലൻസ് ഇൻ നഴ്സിംഗ്, ഏവിയേഷൻ അക്കാദമി എന്നിവ പ്രവർത്തനമാരംഭിക്കുമെന്നത് ശ്ലാഘനീയമാണ്. തൊഴിലാളി ക്ഷേമനിധി ബോർഡുകളിലുണ്ടാകുന്ന ഒഴിവുകളിൽ അംഗങ്ങളുടെ കുട്ടികളിൽ യോഗ്യതയുള്ളവരെ നിയമിക്കണം. ഓണത്തിന് അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും ബോണസ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. ഗാർഹിക തൊഴിലാളികളുടെ ക്ഷേമത്തിന് ആവശ്യമായ നിയമനിർമ്മാണം നടത്തണം. സ്വകാര്യ സ്ഥാപനങ്ങളിൽ സ്ഥാപന ഉടമ അടയ്ക്കേണ്ട പി.എഫ്. വിഹിതം അടയ്ക്കാത്തതിനാൽ തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ബഡ്ജറ്റിൽ നിരവധിയായ പ്രഖ്യാപനങ്ങളുണ്ടെങ്കിലും തൊഴിലാളികളുടെ ക്ഷേമവും തൊഴിൽ സാധ്യതകളും ഇന്നും മരീചികയാണ്. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ വളരെയധികം പ്രതിസന്ധി നേരിടുകയാണ്. ഖാദി മേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുകയും ക്ഷേമനിധി പരിഷ്കരിക്കുകയും വേണം. പരമ്പരാഗത വ്യവസായമേഖലകളിൽ പണിയെടുക്കുന്നവരുടെ പെൻഷൻ വർദ്ധിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണം. കർഷകത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യാനും 60 വയസ് കഴിഞ്ഞവർക്ക്

നൽകിയിരുന്ന അതിവർഷാനുകൂല്യം കുടിശ്ശിക സഹിതം നൽകുന്നതിനും നടപടി സ്വീകരിക്കണം. മരണാനന്തര ആശ്വാസമായി നൽകാറുള്ള 2,000 രൂപ അർഹരായവർക്ക് നൽകണം. അടിസ്ഥാനവർഗ്ഗത്തിന്റെ പ്രശ്നങ്ങൾ വേണ്ട രീതിയിൽ ജനങ്ങളിലെത്തിക്കണം. അഴിമതിയുടെയും തൊഴിലാളി വഞ്ചനയുടെയും കേന്ദ്രങ്ങളായി ക്ഷേമബോർഡുകൾ മാറുന്ന അവസ്ഥ ഒഴിവാക്കുകയും ക്ഷേമനിധിയിലേക്കുള്ള തൊഴിലുടമകളുടെ വിഹിതം കൃത്യമായി പിരിക്കാൻ നടപടി സ്വീകരിക്കുകയും വേണം. കലാകാരന്മാരുടെ പെൻഷൻ കൃത്യമായി നൽകണം. കെട്ടിക്കിടക്കുന്ന കേസുകൾ ട്രൈബ്യൂണലിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കണം. ഇ.എസ്.ഐ. ആശുപത്രികളിൽനിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കൃത്യമായി നൽകണം. ബലരാമൻ കമ്മറ്റി റിപ്പോർട്ട് പൂർണ്ണമായും നടപ്പാക്കുകയും അന്യസംസ്ഥാന തൊഴിലാളികളുടെ കണക്ക് കൃത്യമായി സൂക്ഷിക്കുകയും ചെയ്യണം. വിദേശ ഇന്ത്യക്കാരുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കണം. കേന്ദ്ര സംസ്ഥാന ക്ഷേമപദ്ധതികൾ ഏകോപിപ്പിക്കണം. ശിക്ഷാ കാലാവധി കഴിഞ്ഞിട്ടും വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ മോചിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. പ്രവാസികൾക്ക് അവർ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ വോട്ട് ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

നോക്കുകൂലിയും അമിതകൂലിയും ഈടാക്കുന്നത് തടയുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ട്. മിനിമം വേജസ് പുതുക്കുകയും ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങളും അതിവർഷാനുകൂല്യവും കുടിശ്ശിക സഹിതം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം. കർഷകത്തൊഴിലാളികൾക്ക് വിവാഹാനുകൂല്യവും പെൻഷൻ ആനുകൂല്യവും സമയബന്ധിതമായി നൽകുന്നതിനും കശുവണ്ടി ഫാക്ടറികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കണം. പി.എഫ്. പെൻഷൻ 1,000 രൂപയായി വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഉടൻ പുറത്തിറക്കണം. തോട്ടം തൊഴിലാളികൾക്ക് സമഗ്രമായ ഭവനനിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കണം. ഇ.എസ്.ഐ. ഡിസ്പെൻസറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

<u>ശ്രീ. പി. എ. മാധവൻ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. തൊഴിൽ രഹിതർക്ക് പ്രയോജനപ്രദമാകുന്ന നിലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മാറ്റുന്നതിനും സ്വകാര്യ ആശുപത്രിയിലെ നഴ്സുമാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും തൊഴിൽ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. വർക്ക്മെൻ കോമ്പൻസേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന കേസ്സുകൾ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിലേക്ക് മാറ്റിയ ഉത്തരവ് പുനഃപരിശോധിക്കണം. എറണാകുളം ജില്ലയിൽ കേന്ദ്ര സഹായത്തോടെ

സ്വർണ്ണത്തൊഴിലാളികൾക്കായി അന്താരാഷ്ട്ര പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണ്. ഇറാഖിൽ ജോലി ചെയ്യുന്ന മലയാളികളെ സുരക്ഷിതരായി മടക്കികൊണ്ടുവന്ന് പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളുണ്ടാകണം. മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി പലിശരഹിത വായ്പ ലഭ്യമാക്കണം. ഗൾഫ് ജയിലുകളിലുള്ള മലയാളികൾക്ക് ആവശ്യമായ സഹായം നൽകുന്നതിന് പ്രവാസി വകുപ്പ് നടപടി സ്വീകരിക്കണം. ഉന്നത വിദ്യാഭ്യാസമേഖലയിൽ എൻ.ആർ.ഐ. ക്വാട്ട എന്ന പേരിൽ പ്രവാസികളിൽ നിന്നും അമിതമായ ഫീസ് ഈടാക്കുന്ന രീതി അവസാനിപ്പിക്കുന്നതിനും നെടുമ്പാശ്ശേരി എയർപോർട്ടിന്റെ മാതൃകയിൽ എയർ കേരള പദ്ധതി നടപ്പാക്കുന്നതിനും സർവ്വകലാശാലകളുടെ ഓഫ് ക്യാമ്പസ് സെന്ററുകൾ ഗൾഫ് നാടുകളിൽ ആരംഭിക്കുന്നതിനും നടപടികളുണ്ടാകണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. പ്രതിസന്ധി നേരിടുന്ന പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾക്കായി ആശ്വാസ പദ്ധതി നടപ്പാക്കുകയും അവയുടെ വൈവിധ്യവത്ക്കരണത്തിനായി വിപുലമായ പദ്ധതികൾ ആരംഭിക്കുകയും വേണം. സ്വകാര്യ ബീഡി തൊഴിലാളികളെക്കൂടി ക്ഷേമനിധിയിൽ അംഗങ്ങളാക്കണം. എൻ.ആർ.ഇ.ജി. തൊഴിലാളികൾക്ക് നൽകാനുള്ള കുടിശ്ശിക എത്രയുംവേഗം

കൊടുത്തുതീർക്കുന്നതിനും ഷോപ്പിംഗ് മാളുകളിലെ ജീവനക്കാരുടെയും അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപകരുടെയും തൊഴിൽ-വേതന സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നഴ്സിംഗ് മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുമാത്രം താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ഇറാഖിൽ അകപ്പെട്ട മലയാളികളെ എത്രയുംവേഗം നാട്ടിലെത്തിക്കണം. നിതാഖത് നിയമത്തെത്തുടർന്ന് തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിന് ബാങ്ക് വായ്പ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. കുടുംബത്തോടൊപ്പം നാട്ടിൽ വരുന്ന ഗൾഫ് മലയാളികളിൽനിന്ന് എയർ ഇന്ത്യ ഉൾപ്പെടെയുള്ള എയർലൈൻസ് കമ്പനികൾ ഇരട്ടിയിലധികം ചാർജ് ഈടാക്കുന്നത് അവസാനിപ്പിക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളാ പ്രവാസി ക്ഷേമനിധി ബോർഡിൽ അംഗമാകുന്നതിനുള്ള പ്രായപരിധി 60 വയസ്സാക്കി ഉയർത്തണം. നാട്ടിൽ തിരികെയെത്തുന്ന വിദേശ മലയാളികളുടെ അംശദായത്തിൽ കുറവ് വരുത്തണം. പ്രവാസി മലയാളികളുടെ പെൻഷൻ തുക വർദ്ധിപ്പിക്കണം. തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലഭിക്കുന്ന വായ്പകൾക്ക് ഗവൺമെന്റ് നൽകുന്ന

മൂലധന സബ്സിഡി വർദ്ധിപ്പിക്കുന്നതിനും സീസൺ സമയത്ത് ഗൾഫ് സെക്ടറിലേയ്ക്കുള്ള വിമാന യാത്രാനിരക്ക് അമിതമായി വർദ്ധിപ്പിക്കുന്നത് തടയുന്നതിനും നടപടി സ്വീകരിക്കണം. തൊഴിൽ നഷ്ടപ്പെട്ട് തിരികെ വരുന്ന പ്രവാസികളെ ജൈവകൃഷി മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾ കയറ്റുമതിചെയ്യുന്നതിനുമുള്ള ഒരു ഏജൻസി രൂപീകരിക്കണം. ഗൾഫ് മലയാളികളുടെ കുട്ടികൾക്ക് സ്കൂളുകളിലും കോളേജുകളിലും സീറ്റ് സംവരണം ഏർപ്പെടുത്തണം. ആഭ്യന്തരകലാപം രൂക്ഷമായ ഇറാഖിൽനിന്നും പ്രവാസികളെ തിരിച്ചുകൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം. പ്രവാസികൾക്കായി ഗൾഫ് നാടുകളിൽ പോളിംഗ് ബൂത്തുകൾ, തപാൽ/ഓൺലൈൻ വോട്ടിംഗ് സംവിധാനം എന്നിവ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണം. കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനും രാജ്യത്തെ കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തികനില സംബന്ധിച്ച് പഠനം നടത്തുന്നതിനും ഈ ഗവൺമെന്റിന് സാധിച്ചു.

<u>ശ്രീ. എം. ഹംസ</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കേരളം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലും പൊതുമേഖലാ സ്ഥാപനങ്ങളെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിലും ഈ സർക്കാർ പരാജയപ്പെട്ടു. അന്യസംസ്ഥാന തൊഴിലാളികളെ സംരക്ഷിക്കുന്നതിനും അവരുടെ

ആരോഗ്യപരവും സാമൂഹികവുമായ ചുറ്റുപാടുകൾ വിലയിരുത്തുന്നതിനും സർക്കാർ തയ്യാറാകണം. ഇ.എസ്.ഐ. മേഖലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിലും ഈ മേഖലയിൽ ആവശ്യമായ ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും നിയമിക്കുന്ന കാര്യത്തിലും സർക്കാർ അലംഭാവം കാണിക്കുകയാണ്. പല ഇ.എസ്.ഐ. ആശുപത്രികളും ഇന്ന് പ്രവർത്തനക്ഷമമല്ല. കഴിഞ്ഞ സർക്കാർ ആവിഷ്ക്കരിച്ച ക്ഷേമപദ്ധതികളെല്ലാം അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. വിവിധ ക്ഷേമനിധികളുടെ പണം ട്രഷറികളിലേക്ക് മാറ്റുന്നതിനാൽ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം നിലച്ച സ്ഥിതിയാണ്. ആശാവർക്കർമാരുടെ ഓണറേറിയം യഥാസമയം നൽകണം. സ്കൂൾ പാചകത്തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിനും അംഗൻവാടി വർക്കർമാർക്ക് പ്രതിമാസം പതിനായിരം രൂപ ശമ്പളം കിട്ടത്തക്കവിധത്തിലുള്ള നിയമനിർമ്മാണം നടത്തുന്നതിനും സർക്കാർ തയ്യാറാകണം. ഐ.റ്റി.ഐ. മേഖലയേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയേയും ഈ സർക്കാർ തകർത്തിരിക്കുകയാണ്. തൊഴിൽമേഖലയെ തകർക്കുന്ന ഇത്തരം നയങ്ങൾ തിരുത്തി തൊഴിലാളികൾക്ക് ഗുണകരമായ വിധത്തിൽ പ്രവർത്തിക്കാനാവശ്യമായ നടപടികളുണ്ടാകണം. കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ പ്രവാസികൾക്ക് നൽകിയിരുന്ന മരണാനന്തര ധനസഹായവും പെൺകുട്ടികളുടെ വിവാഹത്തിന്

നൽകുന്ന ധനസഹായവും നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾക്ക് വ്യവസായം ആരംഭിക്കാനായി ഏഴ് ശതമാനം പലിശ നിരക്കിൽ കെ.എഫ്.സി. വഴി നൽകിയിരുന്ന വായ്പയും ഇല്ലാതാക്കിയത് പ്രതിഷേധാർഹമാണ്.

ശ്രീ. വർക്കല കഹാർ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. തൊഴിലാളികളുടെ ജീവിതനിലവാരവും സാമൂഹിക നിലവാരവും ഉയർത്തുന്നതിനാണ് തൊഴിൽവകുപ്പ് പ്രാധാന്യം നൽകുന്നതെന്ന കാര്യത്തിൽ തർക്കമില്ല. സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ വേതനം വർദ്ധിപ്പിച്ചതും ക്ഷേമപെൻഷനുകൾ അറുന്നൂറുരൂപയായി വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. കേരള അക്കാദമിക് ഫോർ സ്കിൽസ് എക്സലൻസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചകർ ആന്റ് കൺസ്ട്രക്ഷൻ, സെക്യൂരിറ്റി- നഴ്സിംഗ് മേഖലകളിൽ മികവിന്റെ കേന്ദ്രം എന്നിവ ആരംഭിക്കുന്നത് ഈ സർക്കാരിന്റെ ദീർഘവീക്ഷണത്തെയാണ് സൂചിപ്പിക്കുന്നത്. കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മേൽനോട്ടത്തിൽ അന്യസംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കുന്നതിനായി ബി.ഒ.റ്റി മാതൃകയിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്. എല്ലാ ക്ഷേമനിധി ബോർഡ് അംഗങ്ങളുടെയും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ടിലൂടെ

വിതരണം ചെയ്യാനുള്ള നടപടിയും തോട്ടം തൊഴിലാളികളുടെ താമസസൗകര്യം ഉറപ്പാക്കുന്നതിന് പ്ലാന്റേഷൻ ഹൗസിംഗ് പദ്ധതിക്ക് തുടക്കം കുറിച്ചതും ജനനി ഭവന പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയതും സ്വാഗതാർഹമാണ്. സംസ്ഥാനത്ത് അടിയന്തരമായി ഫെയർ വേജസ് ആക്റ്റ് കൊണ്ടുവരാൻ നടപടി സ്വീകരിക്കുകയും സർക്കാർ അതാത് സമയം നോട്ടിഫൈ ചെയ്യുന്ന വ്യവസായങ്ങൾക്ക് ഇത് ബാധകമാക്കുകയും ചെയ്യണം. മൾട്ടിപ്ലിസിറ്റി ഓഫ് ട്രേഡ് യൂണിയൻ ബില്ലിലെ അപാകതകൾ പരിഹരിക്കണം. തൊഴിൽ തർക്കങ്ങൾ വേഗത്തിൽ തീർപ്പാക്കാൻ കഴിയത്തക്കരീതിയിലുള്ള പുതിയ ബിൽ കൊണ്ടുവരണം.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കഴിഞ്ഞ സർക്കാർ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻസ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം സ്തംഭിപ്പിച്ച് പകരം കേരള അക്കാദമി ഓഫ് സ്കിൽസ് എക്സലൻസ് എന്ന സ്ഥാപനം ആരംഭിച്ചത് നീതിക്ക് നിരക്കാത്തതാണ്. കഴിഞ്ഞ സർക്കാർ കൺസ്ട്രക്ഷൻ അക്കാദമിക്കുവേണ്ടി വാങ്ങിയ സ്ഥലത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനം ആരംഭിക്കുമെന്ന പ്രഖ്യാപനം ഇതുവരെയും നടപ്പാക്കിയിട്ടില്ല.

സംസ്ഥാനത്തെ ഐ.റ്റി.ഐ.കളെ അപ്ഗ്രേഡ് ചെയ്യാനോ സ്കിൽ ഡെവലപ്മെന്റിനുവേണ്ടി അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാനോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാനോ പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കാനോ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഇ.എസ്.ഐ. ആശുപത്രികളെ തകർക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഇ.പി.എഫ്.-ന്റെ കാര്യത്തിൽ യാതൊരു പുരോഗതിയുമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. വിവിധ ക്ഷേമനിധി ബോർഡുകളിലെ ആനുകൂല്യങ്ങൾ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്. യു.ഡി.എഫ്. ഗവൺമെന്റ് പിന്തുടരുന്ന നിരുത്തരവാദപരമായ നിലപാടിന്റെ ഫലമായി സമസ്ത ക്ഷേമപെൻഷൻ പദ്ധതികളും തകർന്നിരിക്കുകയാണ്. അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. വർദ്ധിപ്പിച്ച സാമൂഹ്യ ക്ഷേമപെൻഷനുകൾ യഥാസമയം നൽകാൻ നടപടി സ്വീകരിക്കണം. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയെ സർക്കാർ തകർത്തിരിക്കുകയാണ്. 418 ബാറുകൾ അടച്ചുപൂട്ടിയതിലൂടെ തൊഴിൽ നഷ്ടപ്പെട്ട

തൊഴിലാളികൾക്ക് സബ്സിസ്റ്റൻസ് അലവൻസ് നൽകാനും തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കാനും നടപടി സ്വീകരിക്കണം. ക്ഷേമനിധി ബോർഡുകളെ ഏകോപിപ്പിക്കാനും വെൽഫെയർ വിംഗ് സ്ഥാപിക്കാനും തൊഴിൽ വകുപ്പിനെ പുന:സംഘടിപ്പിക്കാനും നടപടി സ്വീകരിക്കണം. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ശുപാർശകളനുസരിച്ചുള്ള ജീവനക്കാരെ നിയമിക്കാത്ത നടപടി വിമർശനാത്മകമാണ്. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കണം. ഹെൽത്ത് ഡിസീസ് റിസർച്ച് സെന്റർ പോലുള്ള സ്ഥാപനങ്ങളെ പ്രവർത്തനക്ഷമമാക്കാൻ കർമ്മപദ്ധതി ആവിഷ്കരിക്കാനും കൺസ്യൂമർ പ്രൈസ് ഇൻഡെക്സ് യഥാർത്ഥ കമ്പോളവിലയുമായി പൊരുത്തപ്പെടാത്ത സാഹചര്യത്തിൽ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിക്കാനും തയ്യാറാകണം. തൊഴിലാളി താല്പര്യം സംരക്ഷിക്കുന്നതിന് പ്രതിജ്ഞാബദ്ധമല്ലാത്ത ഗവൺമെന്റാണിത്. തൊഴിൽമേഖലയുടെ സംരക്ഷണത്തിനാവശ്യമായ നിയമങ്ങൾ പാസ്സാക്കുന്ന കാര്യത്തിൽ സർക്കാർ അലംഭാവം കാണിക്കുകയാണ്. പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്. തോട്ടംതൊഴിലാളികൾക്കായി

വിഭാവന ചെയ്ത ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ഇറാഖിൽ അകപ്പെട്ട മലയാളികളെ തിരിച്ചുകൊണ്ടുവരാൻ ഗവൺമെന്റ് സാധ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവരുടെ സുരക്ഷ ഉറപ്പാക്കണമെന്ന് കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രിയോട് മുഖ്യമന്ത്രി ആവശ്യപ്പെടുകയുണ്ടായി. ഇറാഖിലെ മലയാളിയായ ഇന്ത്യൻ അംബാസഡർ ഇക്കാര്യത്തിൽ സജീവ ഇടപെടൽ നടത്തുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് പ്രശ്നത്തിൽ ഇടപെടാനും പരിഹാരം കാണാനും ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ട്. മലയാളികളായ നഴ്സുമാരെ നാട്ടിൽ തിരിച്ചെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിതാഖത് നിയമംമൂലം വിദേശത്തുനിന്നും തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസത്തിനും അവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. വിമാനയാത്രാക്കൂലി വർദ്ധിപ്പിക്കുന്ന കാര്യത്തിൽ വിമാനക്കമ്പനികൾ നടത്തുന്ന ചൂഷണം അവസാനിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. കേരള

പ്രവാസി സമ്മേളനം 2015 ജനുവരി മാസം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സാന്ത്വനം, കാരുണ്യം തുടങ്ങിയ സാമൂഹ്യക്ഷേമ പദ്ധതികൾ മുഖേന പ്രവാസികൾക്ക് പരമാവധി ധനസഹായം നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ മുഖേന എമർജിംഗ് കേരളയിൽ പങ്കെടുത്ത പ്രവാസി കേരള സംരംഭകരെ സഹായിക്കുന്നതിനായി ബിസിനസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ചെന്നൈ, ബാംഗ്ലൂർ, ബറോഡ എന്നിവിടങ്ങളിൽ നോർക്കയുടെ സാറ്റലൈറ്റ് ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. പതിനാലു ജില്ലകളിലും നോർക്ക ഓഫീസുകൾ ആരംഭിക്കുന്നതാണ്. പ്രവാസി മലയാളി സെൻസസ് നടത്തി പ്രവാസികളുടെ സമഗ്രമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. പ്രവാസികൾക്കായി ഓൺലൈൻ ഡാറ്റാ ബാങ്ക് രൂപീകരിക്കാനും പ്രവാസി ക്ഷേമനിധിയിൽ അംഗമാകാനുള്ള പ്രായപരിധി അറുപത് ആക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രവാസികളുടെ വോട്ടവകാശം സംരക്ഷിക്കുന്നതിനായി ഓൺലൈൻ വോട്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) 'തൊഴിലും പുനരധിവാസവും' വകുപ്പ് എന്നത് ഇനിമുതൽ 'തൊഴിലും നൈപുണ്യവും'

വകുപ്പാക്കി മാറ്റുന്നതിനുള്ള പ്രക്രിയ ആരംഭിക്കുകയും ഗവർണ്ണറുടെ അംഗീകാരത്തിനായി അയച്ചിരിക്കുകയുമാണ്. തൊഴിലില്ലായ്മയ്ക്ക് പരിഹാരമെന്ന നിലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കുന്നതിനും ഐ.റ്റി.ഐ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വെർച്വൽ ക്ലാസ് റൂം ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു. കേരളത്തിൽ നടപ്പാക്കിയ ഈ പദ്ധതികൾ രാജ്യത്തൊട്ടാകെ നടപ്പാക്കുമെന്ന രാഷ്ട്രപതിയുടെ നയപ്രഖ്യാപനം കേരളത്തിന് അഭിമാനകരമാണ്. നഴ്സിംഗ് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും ബലരാമൻ കമ്മിറ്റി ശുപാർശകൾ സമവായത്തിലൂടെ നടപ്പാക്കാനും സാധിച്ചിട്ടുണ്ട്. സുപ്രീം കോടതി വിധിയുടെ വെളിച്ചത്തിൽ അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ പ്രശ്നം പരിഹരിക്കാനായി വിദ്യാഭ്യാസ വകുപ്പും തൊഴിൽ വകുപ്പും സംയുക്തമായി ആലോചിച്ച് നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അന്യസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി തൊഴിൽ വകുപ്പ് തയ്യാറാക്കിയ കരട് നിയമം കക്ഷി ഭേദമന്യേ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. നിലവിലുള്ള നിയമം കർക്കശമാക്കിയാൽ ടെക്സ്റ്റൈൽ ഷോപ്പ് ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നതിനാൽ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുകയാണ്.

വെൽഫെയർ ബോർഡുകളെ തകർക്കുന്ന നയമല്ല ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ക്ഷേമനിധി അംഗങ്ങൾ അടയ്ക്കുന്ന അംശദായത്തേക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കുന്നത് ബോർഡിന്റെ നിലനിൽപ്പിനെ ബാധിക്കുമെന്നതിനാൽ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുന്നതിനെ ക്കുറിച്ച് ട്രേഡ് യൂണിയനുകളുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് പുന:സംഘടിപ്പിച്ചിട്ടുണ്ട്. സ്കിൽ ഡെവലപ്മെന്റിന് പ്രാധാന്യം കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കേരള അക്കാദമി ഓഫ് സ്കിൽസ് എക്സലൻസ് എന്ന മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള സംവിധാനത്തിനുകീഴിൽ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്ന സ്ഥാപനത്തെ കൊണ്ടുവരാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിൽ മെഡിക്കൽ കൗൺസിലിന്റെ പരിശോധന പൂർത്തിയായ സ്ഥിതിക്ക് ഈ വർഷം അഡ്മിഷൻ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അടുത്തവർഷം ആരംഭത്തോടെ പുതിയ കൺസ്യൂമർ പ്രൈസ് ഇൻഡക്സ് പ്രാബല്യത്തിൽ വരാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആർ.എസ്.ബി.വൈ.-യെ സംബന്ധിച്ച് ഉയർന്നുവന്ന പരാതികൾ പരിഹരിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായി എല്ലാ ജില്ലകളിലും റിഡ്രസൽ ഫോറം രൂപീകരിച്ചിട്ടുണ്ട്. അഞ്ച് വർഷം കഴിഞ്ഞ മിനിമം

വേജസ് പുതുക്കുന്നതിന് മിനിമം വേജസ് അഡ്വൈസറി ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്; നടപടിക്രമങ്ങളിൽ കാലതാമസമുണ്ടായാൽ മുൻകാല പ്രാബല്യത്തോടെ മിനിമം വേജസ് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥന 58-നെതിരെ 71 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.25-ന് പിരിഞ്ഞു.

********************